(ബി) ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ അതിൽ അംഗമാണോ; അ ണെങ്കിൽ അങ്ങനെ അംഗമായിരിക്കുന്നതു് ഗവണ്മെണ്ടിനെ പ്രതിനിധീകരി ച്ചാണോ;

(സി) തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിന്റെ മുഴുവൻ പ്രാതിനിധ്യ മുള്ള ഈ അസംബ്ളിയെ പ്രതിനിധീകരിച്ചു ആരെങ്കിലും പത്രോപദേശക സമിതിയിൽ ഉണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉപദേശക സമിതിയിലെ അംഗങ്ങൾ താഴെ പറയുന്നവർ ആണ്.

ഉദ്യോഗസ്ഥപ്രതിനിധികൾ

൧. ഇൻഫർമേഷനും പബ്ളിസിറ്റിയും വകുപ്പിന്റെ ചാർജ്ജു് വഹി ക്കുന്ന ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ.

൨. ഗവണ്മെണ്ടു് ചീഫ് സിക്രട്ടറി.

പ്രതിദിനപത്രങ്ങളുടെ പ്രതിനിധികൾ

ശ്രീ. കെ. സുകുമാരൻ, മാനേജിങ്ങു് എഡിറ്റർ, കേരളകൌമുദി, തിരു വനന്തപുരം.

൨. ശ്രീ. കെ. സി. മാമ്മൻമാപ്പിള, മാനേജിങ്ങു് എഡിറ്റർ, മലയാള മനോരമ, കോട്ടയം.

൩. ശ്രീ. വി. ഗംഗാധരൻനായർ, മാനേജിങ്ങു് എഡിറ്റർ, മലയാള രാജ്യം, കൊല്ലം.

൪. ശ്രീ. കെ. എം. ചാക്കോ, മാനേജിങ്ങു് എഡിറ്റർ, പൌരദ്ധ്വനി, കോട്ടയം.

൫. ശ്രീ. കെ. കൃഷ്ണൻ, മാനേജിങ്ങു് എഡിറ്റർ, എക്സ്പ്രസ്സു്, തൃശ്ശി വപേരൂർ.

വാരികയുടെ പ്രതിനിധികൾ

൧. ശ്രീ. പി. സി. വക്കി, എഡിറ്റർ, സത്യനാദം, എറണാകുളം.

൨. ശ്രീ. ബി. നാരായണപിള്ള, എഡിറ്റർ ദക്ഷിണഭാരതി, എര ണിയൽ.

(ബി) (എ) യുടെ ഉത്തരം പരിശോധിക്കുമ്പോൾ ഇതിനു് ഉത്തരം ആവ ശ്യമില്ല.

(സി) ഇല്ല. ഉപദേശകസമിതി പ്രസ്സിനെമാത്രം പ്രതിനിധീകരിക്കു ന്നതാണു്.

ഡീലിമിറേഷൻ കമ്മിറ്റി റിപ്പോർട്ടു്

*൪ ൭. (൧൦൩) ശ്രീ. പി. കെ. കുമാരൻ. താഴെ പറയുന്ന ചോദ്യങ്ങൾ ക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ ഡീലിമിറേഷൻ ക മ്മിറ്റിയുടെ റിപ്പോർട്ടു് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ റിപ്പോർട്ടു പ്രസിദ്ധപ്പെടുത്തുന്നതിനുമുമ്പു് ഇതു് ഈ നിയമസഭയുടെ പര്യാലോചനക്കു് വിധേയമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) :

(എ) ഇല്ല. പക്ഷെ ഡിലിമിറേഷനെപ്പറ്റിയുള്ള ഗവണ്മെണ്ടിന്റെ നിർദ്ദേശങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ബി) ഈ നിർദ്ദേശങ്ങൾ നിയമസഭയുടെ പരിഗണനക്ക് വിധേയമാക്കുന്നുണ്ട്.

തിരുവിതാംകൂർ നാണയം

*൪൫. (൧൦൪) ശ്രീ. പി. കെ. കുമാരൻ ആചാരി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ നാണയം പിൻവലിയ്ക്കുന്നതിന് ഗവണ്മെണ്ട് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു് എപ്പോൾ നടപ്പിൽ വരുത്തുന്നതിന് ഉദ്ദേശിക്കുന്നു?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) തിയതി ഈ ഗവണ്മെണ്ട് ക്ലിപ്തപ്പെടുത്തിയിട്ടില്ല. ഇതിന് ഇൻഡ്യാഗവണ്മെണ്ടിന്റെ നോട്ടിഫിക്കേഷൻ ആവശ്യമാണ്.

തരിശുഭൂമികൾ

*൪൯. (൧൦൬) ശ്രീ. ടി. എസ്സ്. ബന്ധു : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

നാട്ടിന്റെ നാനാഭാഗങ്ങളിലും ഗവണ്മെണ്ട് വകയും അല്ലാതെയുമുള്ള വലുതെയധികം ഭൂമികൾ യാതൊരു കൃഷിയും ചെയ്യാതെ തരിശായി കിടക്കുന്ന വിവരം ഗവണ്മെണ്ടിനറിയാമോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

ഗവണ്മെണ്ടു വക ഭൂമികൾ കൃഷിചെയ്യാതെ കിടപ്പുണ്ട്. ഇവയിൽ പലതും കൃഷിക്കു വീട്ടുകൊടുക്കാൻ പാടില്ലാത്തവയാണ്. പതിവു ഭൂമികൾ കൃഷിചെയ്യാതെ അധികം കിടപ്പുള്ളതായി അറിഞ്ഞുകൂടാ.

UNSTARRED QUESTIONS

ഗൃഹനിർമ്മാണ പദ്ധതി

൧൧൪൫. ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൫൦ ഏപ്രിലിനു മുൻപ് എത്തെല്ലാം സ്ഥലങ്ങളിൽ എത്ര വീടുവീതം ഗവണ്മെൻറിൽനിന്നും പാവപ്പെട്ടവർക്കായി പണികഴിപ്പിച്ചിട്ടുണ്ട്;

(ബി) മേൽപറഞ്ഞവയിൽ ഏതെല്ലാം സ്ഥലങ്ങളിലെ വീടുകൾ താമസത്തിനായി വീട്ടുകൊടുത്തിട്ടുണ്ട്;

(സി) കൊല്ലം നഗരത്തിലേക്ക് എത്ര വീടുകൾക്കായി എസ്റ്റിമേറ്റ് അനുവദിച്ചിരുന്നു; അതിൽ എത്ര വീടുകൾ കെട്ടി; എത്ര ചിലവായി;

(ഡി) കൊല്ലത്തെ വീടുകൾ പണി പൂർത്തിയായിട്ട് മാസം ആറു കഴിഞ്ഞിട്ടും അവ താമസത്തിനായി കൊടുക്കാത്തത് എന്തുകൊണ്ടാണ്;

LIBRARY ARCHIVES Kerala Legislative Assembly